# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2600** **11.10.11-ൽ മറുപടിക്ക്**

**പാപ്പിനിശ്ശേരി - പഴയങ്ങാടി റോഡിന്റെ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ടി.പി ഏറ്റെടുക്കുന്ന പാപ്പിനിശ്ശേരി - പഴയങ്ങാടി റോഡിന്റെ നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) കെ.എസ്.ടി.പി രണ്ടാംഘട്ടത്തിൽ ഉൾപ്പെടുന്ന റോഡാണ് ഇത്. കെ.എസ്.ടി.പി രണ്ടാംഘട്ടത്തിന് ധനസഹായം ലഭ്യമാക്കുന്നതിന് ഇതിൻെറ വിശദമായ പദ്ധതിരേഖ ലോകബാങ്കിന് സമർപ്പിച്ചിരിക്കുകയാണ്. ധനസഹായം ലഭിക്കുന്ന മുറയ്ക്ക് ഈ റോഡിൻെറ നിർമ്മാണം ആരംഭിക്കുന്നതാണ്. |
| (ബി) പ്രസ്തുത റോഡിന്റെ പണി അനിശ്ചിതമായി നീളുന്നതിനാലും അറ്റകുറ്റപ്പണി നടത്താത്തതിനാലും ഗതാഗതം ദുസ്സഹമായ സാഹചര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (ബി) പ്രസ്തുത റോഡിൻെറ അറ്റകുറ്റപ്പണി (ബിടി പാച്ച് വർക്ക്) നടത്തുന്നതിനായി ഈ സാമ്പത്തിക വർഷം 12 പ്രവൃത്തികൾക്കായി (16.06.കി.മി) 47.00 ലക്ഷം രൂപയുടെ അംഗീകാരം നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിൻെറ 5.29 കി.മീ നീളം ഉപരിതലം പുതുക്കൽ പണികൾ നടത്താനായി 7 പ്രവൃത്തികൾക്കായി 102.00 ലക്ഷം രൂപയുടെ അംഗീകാരം നൽകുകയും പ്രവൃത്തിയുടെ ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയായി വരികയും ചെയ്യുന്നു. പ്രവൃത്തി എത്രയും പെട്ടെന്ന് ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത റോഡിൽ 2 കലുങ്കുകൾ പുതുക്കി പണിയുന്നതിനും ഓവ് ചാൽ |

പണിയുന്നതിനും ഓവ് ചാൽ നിർമ്മിക്കുന്നതിനും വേണ്ടി 3 പ്രവൃത്തികൾക്കായി 29.00 ലക്ഷം രൂപയുടെ അംഗീകാരം നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

Salitha

**സെക്ഷൻ ഓഫീസർ**